## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. * 89</u>

10-02-2016 ൽ
<u>മറുപടിയ്ക്ക്.</u>

### <u>ചെറുകിട ജലസംഭരണ സംവിധാനങ്ങൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ഹംസ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചു നിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾ-പ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്ന-തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി 100 കോടി രൂപ വകയിരു-ത്തിയ 2014-15 ബജറ്റിലെ മുൻഗണനാ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ), (ബി) & (സി) | സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം ഭൂമിയിൽ പിടിച്ചു നിർത്താനായി നദികൾ, അരുവികൾ, നീർച്ചാലുകൾ എന്നിവയുൾ-പ്പെടെ സൗകര്യമുള്ളിടത്തൊക്കെ ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്ന-തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി "ജലസമൃദ്ധ കേരളം പദ്ധതിയ്ക്ക്" 100 കോടി രൂപ വകയിരുത്തിയതായി 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഈ പദ്ധതി പ്രകാരം എത്ര പ്രോജക്ടുകൾ നടപ്പാക്കിയെന്ന് അറിയിക്കാമോ; | | |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഈ പദ്ധതിക്കായി എത്ര തുക നൽകിയെന്നും അതിനു സ്വീകരിച്ച മാനദണ്ഡവും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ